بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 08/07/2016

## (03 SHAWWAL 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## STRENGTHENING THE TIES OF KINSHIP & BROTHERHOOD BEYOND EID-UL-FITR / രക്ത സാഹോദര്യ ബന്ധങ്ങൾ ഈദുൽ ഫിത്റിനു ശേഷവും ശക്തമായി തുടരട്ടെ !

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം രക്ത സാഹോദര്യ ബന്ധങ്ങൾ ഈദുൽ ഫിത്റിനു ശേഷവും ശക്തമായി തുടരട്ടെ എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി. ദിനം തോറും സാഹോദര്യ, അയൽവക്ക, രക്തബന്ധങ്ങൾക്ക് കോട്ടം തട്ടിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. സഹോദരന്മാരും സഹോദരന്മാരും തമ്മിലും, സഹോദരിമാരും സഹോദരിമാരും തമ്മിലും, അയൽവാസികളും അയൽവാസികളും തമ്മിലുള്ള കൂടികാഴ്ചകളും വളരെ വിരളമായി തീർന്നിരിക്കുന്നു എന്നത് ദുഃഖകരം തന്നെ. കുട്ടികൾക്ക് തങ്ങളുടെ മുതിർന്നവരെപ്പറ്റി അന്വേഷിക്കുവാൻ പോലും സമയമില്ലാതായിരിക്കുന്നു, നമുക്ക് നമ്മുടെ അയൽവാസികളെപ്പോലും അറിയാൻ വയ്യാതായിരിക്കുന്നു, ഇസ്ലാമിലെ സഹോദരങ്ങൾക്കിടയിലും ആശയവിനിമയ ദാരിദ്ര്യം അനുഭവപ്പെടുന്നു. ഭാഗ്യവശാൽ, അല്ലാഹു (ത) യുടെ അതിമഹത്തായ അനുഗ്രഹത്താൽ ആത്മീയ സ്നാനം വഴി ഒരു മാസത്തെ റമദാൻ വ്രതത്തിലൂടെ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നാം ത്യാഗം വരിച്ചു, അതിലൂടെ അല്ലാഹുവിനെ തന്നെ, നമുക്ക് പ്രതിഫലമായി ലഭിക്കുവാൻ ! അല്ലാഹുവിൽ നിന്നുള്ള മഹത്തായ ഒരു പ്രതിഫലം തന്നെയാണിത്. ഒരു വിശ്വാസി, ഈ വ്രതാനുഷ്ഠാന മാസത്തിലൂടെയും അതിന് ശേഷം ലഭ്യമായ ഈദുൽ ഫിത്ർ , ആഘോഷത്തിലൂടെയും, തന്റെ കഴിഞ്ഞകാല തെറ്റുകൾ തിരുത്തുവാനും ചികിത്സിയ്ക്കുവാനുള്ള ഭാഗ്യമാണ് ലഭ്യമായത്. ഈദ് ദിനം ആരംഭിക്കുന്നത്, പള്ളിയിലെ പ്രാർത്ഥനയോടുകൂടിയാണ്. നമ്മുടെ കുടുംബത്തിനോടൊപ്പം, പള്ളിയിൽ ഹാജരായി, ഈദ് നമസ്ക്കാരത്തിൽ പങ്ക് കൊള്ളുമ്പോൾ ഹൃദയം സന്തോഷഭരിതമായി തീരുന്നു. ഈദ് നമസ്ക്കാരത്തിന്, പുരുഷന്മാരും സ്ത്രീകളും, ചെറുപ്പക്കാരും വൃദ്ധരും, പണക്കാരനും പാവപ്പെട്ടവനും എല്ലാവരും പങ്കെടുക്കുന്ന ഒരു സംഗമ സ്ഥലമായി മാറുന്നു. നബിചര്യ അനുസരിച്ച്, പള്ളിയിൽ വച്ച് നടത്തപ്പെടുന്ന ഈദ് പ്രാർത്ഥനയിൽ സ്ത്രീകൾ പങ്കെടുക്കുവാൻ പ്രത്യേക അംഗീകാരമുണ്ട്. ഉമ്മു അതിയ്യ (റ) റിപ്പോർട്ട് ചെയ്യുന്നു. **" ഈദുൽ ഫിത്ർ ദിനത്തിലും, ഈദുൽ അദ്ഹാ ദിനത്തിലും പ്രായമായ സ്ത്രീകളെയും, യുവതികളെയും, ആർത്തവമുള്ള സ്ത്രീകളെയും, കന്യകമാരെയും പള്ളിയിൽ കൊണ്ടു വരുവാൻ, അല്ലാഹുവിന്റെ ദൂതൻ (സ) ഞങ്ങളോട് കൽപ്പിക്കുകയുണ്ടായി. ആർത്തവമുള്ള സ്ത്രീകൾ, യഥാർത്ഥ നമസ്കാര സ്ഥലത്തിന് പുറത്തു തങ്ങട്ടെ ! അവർക്ക് മറ്റ് നല്ല കാര്യങ്ങളിൽ പങ്കെടുക്കുവാനും ദു ആ ചെയ്യുവാനും സാധിക്കുന്നതാണ്. "**(ബുഖാരി, മുസ്ലീം) നമസ്ക്കാര ശേഷം നാം ഓരോരുത്തരും പരസ്പരം ആലിംഗനം ചെയ്യുകയും, ആശംസകൾ കൈമാറുകയും ചെയ്യുന്നത് എത്ര സന്തോഷകരമായ കാര്യമാണ്. സ്നേഹബന്ധങ്ങൾ രൂഢമൂലമാകുമ്പോൾ, സംശയലേശമന്യേ, വൈകാരിക തീവ്രതാ നിമിഷങ്ങൾ തന്നെയാണ്. ആലിംഗനങ്ങളും ചുംബനങ്ങളും മാപ്പിന്റെയും പൊറുക്കലിന്റെയും ബഹിർ ചിഹ്നങ്ങളാണ്. നിസ്സാര വഴക്കുകളൊക്കെ നാം മറക്കുന്നു. നമുക്കിടയിലുള്ള തർക്ക വിതർക്കങ്ങൾ ഒഴിവാക്കുന്നു. അങ്ങനെ നിങ്ങൾ യഥാർത്ഥ സാഹോദര്യ ബന്ധം അനുഭവിച്ചറിയിന്നു; നാം ഒന്നായി തീരുന്നു, ഇസ്ലാം നിർദ്ദേശിച്ചതു പോലെ ! കുടുംബ സ്നേഹ സന്ദർശനത്തിനായി സമയം കണ്ടെത്തുന്നു, നമ്മുടെ സ്വാതികരായ മുൻഗാമികളുടെ ചര്യയനുസരിച്ച് ! **(ഇമാം ബുഖാരിയും ഇമാം മുസ്ലീമും റിപ്പോർട്ട് ചെയ്ത ഒരു ഹദീസ് അനുസരിച്ച് ഒരു ഈദ് ദിനത്തിൽ ഹസ്രത് അബൂബക്കർ (റ) പ്രവാചകൻ (സ) യെ സന്ദർശിക്കുകയുണ്ടായി. രണ്ടു പെൺകുട്ടികൾ പാടുന്നതായി അബൂബക്കർ (റ) ന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം കോപിഷ്ടനായി. എന്നാൽ പ്രവാചകൻ (സ) അവർ പാടിക്കോട്ടെ എന്ന് അനുവാദം നൽകുകയുണ്ടായി. കാരണം ഇത് ഒരു സന്തോഷ ദിനമല്ലേ ? ഹേ അബൂബക്കർ, ഓരോ ജനതയ്ക്കും അവരവരുടേതായ ആഘോഷങ്ങളുണ്ട്. ഇന്നത്തേത് നമ്മുടേതാകുന്നു.)** ഇത് നമ്മുടെ ആഘോഷമാണ് എന്ന് നമ്മുടെ കുട്ടികളെ പഠിപ്പിക്കുവാനുള്ള ഒരവസരം കൂടിയാണിത്. (വാദ്യോപകരണങ്ങൾക്കൊണ്ട് സംഗീതം ആലപിക്കുക എന്ന് ഇതിന് അർത്ഥമില്ല. ഉച്ചത്തിൽ സംഗീതാലാപനം

നടത്തുകയെന്നും ഇതിനർത്ഥമില്ല) ആഘോഷിക്കാൻ അനുവാദമുള്ളത് സന്തോഷിക്കുക എന്നത് മാത്രമാണ്, അതിനായി സമ്മാനങ്ങൾ കൈമാറാവുന്നതാണ്, നമ്മോട് അടുപ്പമുള്ളവരോട്, നമ്മുടെ സൗഹൃദം പ്രകടിപ്പിക്കുക എന്നതുമാണ്. മനോഹരമായ പുതുവസ്ത്രം ധരിക്കുവാനും അനുവദിക്കപ്പെട്ടിരിക്കുന്നു. വീട് അലങ്കരിക്കുവാനും അനുവാദമുണ്ട്. (എന്നാൽ ഇതിൽ അമിതത്വം പാടില്ല) ഈദ് വസ്ത്രത്തിനും, പെയിന്റിംഗ് ജോലികൾക്കുമായി കടക്കാരനായി മാറാൻ ഇടവരരുത്. കുടുംബത്തെയും, അയൽവാസികളെയും, സ്നേഹിതരെയും മാന്യമായി സ്വീകരിക്കുക. ഒരുമിച്ച് ഭക്ഷണം കഴിക്കുക അഥവാ ഒരുമിച്ച് ഒരു ചെറു കടിയും കുടിയും ആസ്വദിക്കുക എന്നത് വിരുന്ന് സംബന്ധമായ ചില നിമിഷങ്ങളാണ്. സ്നേഹ സൗഹൃദ അന്തരീക്ഷത്തിൽ ആശയവിനിമയം ചെയ്യുക എന്നതും നല്ലതു തന്നെ. ആ ദിനം എല്ലായിടത്തു നിന്നും ആശംസകളുടെ പേമാരി ഉണ്ടാകട്ടെ **"ഈദ് സഈദ്, കുല്ലു ആം, വ അൻതും, ബി ഖൈർ"** (സൗഭാഗ്യ സുരഭിലമായ ഈദ് നേരുന്നു. വർഷം മുഴുവനും നിങ്ങൾ നന്മയിലായിരിക്കട്ടെ)

ഈദ് ആശംസകൾ നേർന്ന് കൊണ്ട് എസ്.എം.എസ്, ഇ-മെയിൽ, ഗ്രീറ്റിംഗ് കാർഡുകൾ, ഫോൺ വിളികൾ തുടങ്ങിയവ നാം നടത്താറുണ്ട്. ദൂരെയുള്ളവരുമായി സാഹോദര്യബന്ധം ശക്തമാക്കുവാൻ ഈ പറഞ്ഞ കാര്യങ്ങളൊക്കെ നല്ലത് തന്നെ. സന്തോഷത്തിലും, നന്മയിലും, അനുഗ്രഹങ്ങളിലും, അല്ലാഹുവിന്റെ മതത്തിലേക്കുള്ള ആത്മാർത്ഥമായ മടക്കത്തിലും നാം വീണ്ടും പരസ്പരം ഒന്നിക്കേണ്ടിയിരിക്കുന്നു. ഈ സന്തോഷ ദിനത്തിൽ നമ്മുടെ മരണാനന്തര ജീവിതത്തെക്കുറിച്ചും നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. (ഇൻശാ അല്ലാഹ്) അവിടെയും നമുക്ക് വേണ്ടി, എല്ലാം ഒരുക്കി വച്ചിരിക്കുന്നു, സന്തോഷ സമയങ്ങൾ ചെലവഴിക്കാനായി ! സന്ദർശനങ്ങൾ, സന്തോഷങ്ങൾ, ആസ്വാദ്യകരമായ ഭക്ഷണങ്ങൾ, മധുര പലഹാരങ്ങൾ കുടുംബസമേതം മേശയ്ക്ക് ചുറ്റും ഇരിക്കുവാനുള്ള സൗകര്യങ്ങൾ അങ്ങനെ പലതും ! **"തങ്ങളുടെ നാഥൻ അവർക്ക് നൽകിയതിൽ ആനന്ദിക്കുന്നവരായിരിക്കും. അവരുടെ നാഥൻ അവരെ നരക ശിക്ഷയിൽ നിന്ന് കാത്തു രക്ഷിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി സന്തുഷ്ടരായുംകൊണ്ട് തിന്നുകയും, കുടിക്കുകയും ചെയ്തു കൊള്ളുക (എന്ന് അവരോട് പറയപ്പെടും) നിരത്തിവെക്കപ്പെട്ട കട്ടിലുകളിൽ അവർ ചാരിയിരിക്കുന്നവരായ സ്ഥിതിയിൽ വിശാലാക്ഷികളായ സുന്ദരതരുണികളെ അവർക്ക് നാം ഇണകളാക്കി കൊടുക്കുന്നതുമാണ്. വിശ്വസിക്കുകയും, സത്യവിശ്വാസത്തിൽ സ്വസന്തതികൾ തങ്ങളെ പിൻതുടരുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ സന്തതികളെ നാം അവരോടൊപ്പം ചേർക്കുന്നതാണ്. അവരുടെ കർമ്മ ഫലങ്ങളിൽ നാം ഒരു കുറവും വരുത്തുകയുമില്ല. എല്ലാ മനുഷ്യരും അവർ സമ്പാദിച്ചിട്ടുള്ളതിന് പണയമാണ്."** (52:19 – 22)

ആ ദിനം സന്തോഷിക്കുവാനുള്ള അവകാശം മാത്രമല്ല തന്നിട്ടുള്ളത്, മറിച്ച് പല കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാനുള്ള ദിവസം കൂടിയാണ്. ഈ ആഘോഷ ദിനത്തിൽ നാം കണ്ടു മുട്ടുന്നുവെങ്കിൽ, നമ്മുടെ സ്നേഹ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നുവെങ്കിൽ, നമ്മുടെ അഭിപ്രായ വ്യത്യാസങ്ങളൊക്കെ നാം മറക്കുന്നുവെങ്കിൽ, അതിന് ശേഷം അവശേഷിക്കുന്ന കാലം നാം എന്തിനാണ് ഭിന്നിച്ചു നിൽക്കുന്നത് ? എന്തുകൊണ്ടാണ് വീണ്ടും തർക്കങ്ങൾ ഉണ്ടാകുന്നത് ? എന്തുകൊണ്ടാണ് നാം പരസ്പരം പോരാടുന്നത് ? അല്ലയോ ഇസ്ലാമിലെ സഹോദരന്മാരെ, സഹോദരിമാരെ നിങ്ങൾ പരിശ്രമിക്കുക. ഈദ്,കുടുംബത്തെ ഒന്നാക്കി തീർക്കുവാനുള്ള ഒരു മാർഗ്ഗമാകട്ടെ ! അതിലൂടെ മുസ്ലീം സമുദായം മൊത്തത്തിൽ ഒന്നായി തീരട്ടെ ! ഈദിന് ശേഷവും ഈദിന്റെ അനുഗ്രഹങ്ങൾ നമ്മിലുണ്ടാകണം. നമ്മുടെ നിത്യ ജീവിതത്തിൽ അത് നിഴലിക്കണം. അതാണ് റമദാൻ നമ്മെ പഠിപ്പിച്ചത്. ആ സ്വാതിക സംസ്കാരം നമ്മിലൂടെ പ്രകടമാകണം. സമാധാനവും സാഹോദര്യവും വിളയാടുന്ന, കൊല്ലും കൊലയുമില്ലാത്ത, ഈദ് ദിനങ്ങളാകട്ടെ നാം പിന്നിടുന്ന ഓരോ ദിനവും. അല്ലാഹു (ത) നമ്മുടെയും എല്ലാ സത്യവിശ്വാസികളുടെയും ആത്മാക്കളെ രക്ഷിക്കട്ടെ ! ആമീൻ.

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*